-

**Registered with A/D**

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഉത്തരവ്

(ഹാജർ. ശ്രീ.ബി.റ്റി.വി.കൃഷ്ണൻ, ബി.ടെക്)

**ഉത്തരവ് നമ്പർ. ബി1-9999/2011/സിഇ തീയതി : 30/10/2020**

വിഷയം : ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് – ജീവനക്കാര്യം – ക്ലാർക്ക് തസ്തികയിലെ താത്ക്കാലിക നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം :- തിരുവനന്തപുരം സബ് റീജിയണൽ എംപ്ലോയ്മെന്റ് ആഫീസറുടെ 24/08/2020-ലെ പി.എച്ച്-9/20 നമ്പർ കത്ത്.

ഈ കാര്യാലയത്തിൽ നിലവിലുള്ള ക്ലാർക്ക് (ഭിന്നശേഷി സംവരണം) തസ്തികയിലേയ്ക്ക് താത്കാലിക നിയമനം നടത്തുന്നതിന് വേണ്ടി തിരുവനന്തപുരം സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർ മേൽ പരാമർശ പ്രകാരം ശുപാർശ ചെയ്ത ഉദ്യോഗാർത്ഥികളിൽ നിന്നും ശ്രീ.സുനിൽ ബി.എസ്, കിഴക്കുംകര വീട്, കൊപ്പം, അരശുപറമ്പ്, തോട്ടുമുക്ക്, നെടുമങ്ങാട് പി.ഒ, തിരുവനന്തപുരം ജില്ല എന്ന ഉദ്യോഗാർത്ഥിയെ 12/10/2020 ന് നടന്ന അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ തെരെഞ്ഞെടുത്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ.സുനിൽ ബി.എസ്, കിഴക്കുംകര വീട്, കൊപ്പം, അരശുപറമ്പ്, തോട്ടുമുക്ക്, നെടുമങ്ങാട് പി.ഒ, തിരുവനന്തപുരം ജില്ല എന്ന വ്യക്തിയെ ഈ കാര്യാലയത്തിൽ ക്ലാർക്ക് (ഭിന്നശേഷി സംവരണം) തസ്തികയിൽ 19000-43600 രൂപ ശമ്പളസ്കെയിലിൽ 180 ദിവസത്തേയ്ക്ക് താത്ക്കാലികമായി നിയമിച്ച് ഉത്തരവാകുന്നു. പ്രസ്തുത നിയമനം 30.08.1991-ലെ (M.S) No.70/91/ലേബർ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൂർണമായും താത്ക്കാലികമാണ്. നിയമന കാലയളവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയോ സർക്കാർ ഉത്തരവിലൂടെയോ ശുപാർശ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥി ജോലിയിൽ

-

പ്രവേശിക്കുകയാണെങ്കിൽ പ്രസ്തുത തീയതി മുതൽ ടി താത്ക്കാലിക നിയമനം റദ്ദാകുന്നതാണ്.

ഈ നിയമനഉത്തരവ് കൈപ്പറ്റി 14 ദിവസങ്ങൾക്കകം താങ്കൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ജോലിക്ക് ഹാജരാകേണ്ടതാണ്. ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, ജാതി, ഭിന്നശേഷി എന്നിവ തെളിയിക്കുന്ന അസൽ രേഖകൾ ആഫീസ് മേധാവി മുമ്പാകെ ഹാജരാക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ ജോലിയിൽ പ്രവേശിക്കാത്ത പക്ഷം ഈ നിയമനം യാതൊരറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതാണ്.

(ഒപ്പ്)
**ചീഫ് എഞ്ചിനീയർ**

സ്വീകർത്താവ്

ശ്രീ.സുനിൽ ബി.എസ്
കിഴക്കുംകര വീട്, കൊപ്പം
അറപ്പുപറമ്പ്, തോട്ടുമുക്ക്
നെടുമങ്ങാട് പി.ഒ, തിരുവനന്തപുരം

പകർപ്പ് : 1. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സീനിയർ സൂപ്രണ്ട് (എസ്റ്റാ.) ബി1, സ്റ്റോക്ക് ഫയൽ
2. തിരുവനന്തപുരം സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർക്ക് അറിവിലേയ്ക്ക്.

ഉത്തരവിൻപ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്